REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 29-08-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ലോകം ഇന്ത്യയെ ശ്രദ്ധിക്കുക മാത്രമല്ല ഇന്ത്യയിൽ വിശ്വാസം അർപ്പിക്കുക കൂടി ചെയ്യുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ലോകോത്തര നിലവാരം പുലർത്തുന്ന ആദ്യ മോണ്ടോ ട്രാക്ക്, ദേശീയ കായിക ദിനത്തിൽ ഇന്ത്യക്ക് ലഭിച്ചതായി കേന്ദ്രമന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യ.**
- **2047-ൽ ഇന്ത്യ ലോകത്തെ മികച്ച സാമ്പത്തിക ശക്തിയാകുമ്പോൾ കായികരംഗത്തും രാജ്യം ഒന്നാമത് എത്തണമെന്ന് കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ.**
- **സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു. ഇന്ന് ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രത.**
- **ആലപ്പുഴ നെഹ്റു ട്രോഫി ജലോത്സവം നാളെ.**

## വാർത്തകൾ വിശദമായി

ലോകം ഇന്ത്യയെ ശ്രദ്ധിക്കുക മാത്രമല്ല ഇന്ത്യയിൽ വിശ്വാസം അർപ്പിക്കുക കൂടി ചെയ്യുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ജപ്പാൻ എന്നും ഇന്ത്യയുടെ പ്രധാന പങ്കാളികളിൽ ഒന്നാണെന്നും ഇന്ത്യയുടെ വികസന യാത്രയിൽ അവർ എപ്പോഴും രാജ്യത്തിനൊപ്പമുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

രണ്ട് ദിവസത്തെ സന്ദർശനത്തിന് ടോക്യോയിലെത്തിയ പ്രധാനമന്ത്രി, ഇന്ത്യ - ജപ്പാൻ സാമ്പത്തിക ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു. മെട്രോ നിർമ്മാണം മുതൽ സ്റ്റാർട്ട് അപ്പുകൾ, സെമി കണ്ടക്ടർ നിർമ്മാണം

വരെയും ജപ്പാൻ ഇന്ത്യക്കൊപ്പമുണ്ട്. ജപ്പാൻ കമ്പനികൾ ഇന്ത്യയിൽ 40 ബില്യൺ ഡോളർ നിക്ഷേപവും നടത്തിയിട്ടുണ്ട്. അടുത്തു തന്നെ ലോകത്തെ മൂന്നാം സാമ്പത്തിക ശക്തിയായി മാറുന്ന ഇന്ത്യയിൽ നിക്ഷേപിച്ച് ലോകത്തിന് വേണ്ടി നിർമ്മാണം നടത്താൻ അദ്ദേഹം ജപ്പാൻ കമ്പനികളെ ക്ഷണിച്ചു.

ഡെസ്ക് റിപ്പോർട്ട്...

(........വോയ്സ്........)

ജപ്പാൻ സാങ്കേതിക ശക്തി കേന്ദ്രമാണെങ്കിൽ ഇന്ത്യ ബുദ്ധി ശേഷിയുടെ ശക്തികേന്ദ്രമാണന്ന് നരേന്ദ്രമോദി പറഞ്ഞു. വ്യവസായ സംരംഭങ്ങൾക്ക് ഏകജാലക അംഗീകാര സംവിധാനം രാജ്യത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. ജപ്പാന്റെ മികവും ഇന്ത്യയുടെ നിലവാരവും കൂടിച്ചേരുമ്പോൾ സമ്പൂർണ പങ്കാളിത്തം യാഥാർത്ഥ്യമാകുമെന്ന് പ്രധാനമന്ത്രി വിശദീകരിച്ചു.

15-ാമത് ഇന്ത്യ - ജപ്പാൻ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കാൻ ജാപ്പനീസ് തലസ്ഥാനത്ത് എത്തിയ പ്രധാനമന്ത്രിക്ക് ഹൃദ്യമായ വരവേൽപ്പ് ഒരുക്കിയിരുന്നു. ഇന്ത്യൻ സംസ്കാരത്തോട് ആദര സൂചകമായി ഗായത്രി മന്ത്രവും മറ്റ് സംസ്കൃത മന്ത്രങ്ങളും ചൊല്ലിയാണ് പ്രധാനമന്ത്രിയെ എതിരേറ്റത്. ജപ്പാൻ പ്രധാനമന്ത്രി ഷിഗേരു ഇഷിബയുമായി പ്രധാനമന്ത്രി ഉഭയകക്ഷി വിഷയങ്ങളിൽ ചർച്ച നടത്തും. പ്രത്യേക തന്ത്രപര ആഗോള പങ്കാളിത്ത വിഷയങ്ങളും ചർച്ചയാകും.

ജപ്പാൻ സന്ദർശനം പൂർത്തിയാക്കിയ ശേഷം ഞായറാഴ്ച നരേന്ദ്രമോദി ചൈനയിലേക്ക് പുറപ്പെടും. ടിയാൻജിനിൽ ഷാൻഹായ് കോർപ്പറേഷൻ സഹകരണ ഉച്ചകോടിയിൽ  അദ്ദേഹം പങ്കെടുക്കും. ചൈനീസ് പ്രസിഡന്റ് ഷി ജിൻ പിംഗിന്റെ ക്ഷണപ്രകാരമാണ് അദ്ദേഹം ഉച്ചകോടിയിൽ പങ്കെടുക്കുന്നത്. ഒട്ടേറെ ലോക നേതാക്കളുമായും ഉച്ചകോടിയ്ക്കിടയിൽ നരേന്ദ്രമോദി ചർച്ച നടത്തും.

✪✪✪

ദേശീയ കായിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങൾക്ക് ആശംസ നേർന്നു. യുവ പ്രതിഭകളെ വളർത്തുന്ന അടിസ്ഥാന പദ്ധതികൾ മുതൽ ലോകോത്തര സൗകര്യങ്ങൾ സൃഷ്ടിയ്ക്കുന്നതടക്കം രാജ്യത്തെ കായിക മേഖല ശ്രദ്ധേയ പരിവർത്തനങ്ങൾക്ക് വിധേയമായിട്ടുണ്ടെന്ന് നരേന്ദ്രമോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. കായിക താരങ്ങളെ പിന്തുണയ്ക്കാനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനും  രാജ്യത്തെ കായിക മികവിന്റെ

ആഗോള കേന്ദ്രമാക്കി മാറ്റാനും കേന്ദ്ര ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി.

✪✪✪

മേജർ ധ്യാൻ ചന്ദിന്റെ സമർപ്പണവും കഠിനാധ്വാനവും സമാനതകളില്ലാത്തതും രാജ്യത്തെ ഹോക്കിക്കും മറ്റ് കായിക വിനോദങ്ങൾക്കും പ്രചോദനം നൽകുന്നതുമാണെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. മേജർ ധ്യാൻ ചന്ദ്, ഹോക്കി ലോകത്ത് തന്റെ കഴിവ് തെളിയിച്ചതായും അദ്ദേഹം എന്നും ജനങ്ങളുടെ ഓർമ്മയിൽ നിലനിൽക്കുമെന്നും ആഭ്യന്തര മന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ലോകോത്തര നിലവാരം പുലർത്തുന്ന ആദ്യ മോണ്ടോ ട്രാക്ക് ദേശീയ കായിക ദിനത്തിൽ ഇന്ത്യക്ക് ലഭിച്ചതായി കേന്ദ്രമന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യ അറിയിച്ചു. ലോകത്താകെ 24 രാജ്യങ്ങളിലാണ് ഇതിന് മുമ്പ് മോണ്ടോ ട്രാക്ക് സ്ഥാപിച്ചിരിക്കുന്നത്. കായിക താരങ്ങൾക്ക് സിന്തറ്റിക് ട്രാക്കിന്റെ ആഗോള നിലവാരം അനുഭവിച്ചറിയാൻ ഇത് വഴിയൊരുക്കും. ദേശീയ കായിക ദിനാഘോഷത്തിന്റെ ഭാഗമായി മൂന്ന് ദിവസത്തെ ഖേൽ മഹോത്സവം ആരംഭിച്ചതായും കേന്ദ്രമന്ത്രി പറഞ്ഞു.

2030 ലെ കോമൺവെൽത്ത് ഗെയിംസ് വേദിയാകാനും 2036 ലെ ഒളിംബിക്സ് വേദിയാകാനും ഇന്ത്യ കത്ത് കൈമാറിയിട്ടുണ്ടെന്നും കേന്ദ്രമന്ത്രി വെളിപ്പെടുത്തി.

✪✪✪

2047-ൽ സാമ്പത്തിക ശക്തിയിൽ ഇന്ത്യ ഒന്നാം സ്ഥാനത്ത് എത്തുമ്പോൾ കായികരംഗത്തും രാജ്യം ഒന്നാമത് എത്തണമെന്ന് കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ ആഹ്വാനം ചെയ്തു. ദേശീയ കായിക ദിനാചരണം ആലപ്പുഴ ജല കായിക പരിശീലന കേന്ദ്രത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ സായി പരിശീലന കേന്ദ്രം ഡയറക്ടർ രജത് ശർമ, റോവിങ് മുഖ്യ പരിശീലകൻ സജി തോമസ് തുടങ്ങിയവർ പങ്കെടുത്തു. ഖേലോ ഇൻഡ്യ വാട്ടർ സ്പോർട്ട്സ് ഫെസ്റ്റിവെല്ലിൽ വിജയികളായവരെ കേന്ദ്രമന്ത്രി ചടങ്ങിൽ ആദരിച്ചു.

✪✪✪

സുപ്രീം കോടതിയിൽ രണ്ട് പുതിയ ജഡ്ജിമാർ സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റു. ജസ്റ്റിസുമാരായ അലോക് ആരാധെ, വിപുൽ മനുഭായ് പഞ്ചോളി എന്നിവർക്ക് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് B.R ഗവായ് സത്യവാചകം

ചൊല്ലിക്കൊടുത്തു. ഇതോടെ, സുപ്രീം കോടതിയിലെ 34 തസ്തികയിലും ജഡ്ജി നിയമനം പൂർത്തിയായി.

✪✪✪

മുൻ റിസർവ് ബാങ്ക് ഗവർണർ ഊർജ്ജിത് പട്ടേലിനെ അന്താരാഷ്ട്ര നാണയ നിധിയുടെ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിച്ചതായി പേഴ്സണൽ മന്ത്രാലയം അറിയിച്ചു. മൂന്ന് വർഷത്തേക്കാണ് നിയമനം.

✪✪✪

'മനുഷ്യ - വന്യജീവി സംഘർഷവും സഹവർത്തിത്വവും' എന്ന വിഷയത്തിലെ മേഖലാ സമ്മേളനം നാളെ തിരുവനന്തപുരത്ത് തുടങ്ങും. ദേശീയ നിയമ സേവന അതോറിറ്റിയും, സംസ്ഥാന നിയമ സേവന അതോറിറ്റിയുടെയും ചേർന്നാണ് നിയമസഭാ മന്ദിരത്തിൽ രണ്ടു ദിവസത്തെ മേഖലാ സമ്മേളനം സംഘടിപ്പിക്കുന്നത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആകാശവാണി 'മൻ കീ ബാത്' പരിപാടി മറ്റന്നാൾ രാവിലെ 11-ന് പ്രക്ഷേപണം ചെയ്യും. ആകാശവാണിയുടെയും ദൂരദർശന്റെയും ശൃംഖലകളിലും യൂട്യൂബ് ചാനലുകളിലും പ്രധാനമന്ത്രിയുടെ പ്രഭാഷണം കേൾക്കാം. മൻ കി ബാതിന്റെ 125-ാം പതിപ്പാണിത്.

പരിപാടിയിലേക്ക് ആശയങ്ങളും, അഭിപ്രായങ്ങളും ഇന്നുകൂടി ടോൾഫ്രീ നമ്പറിലും, നരേന്ദ്രമോദി മൊബൈൽ ആപ്ലിക്കേഷനിലും, MyGov ഓപ്പൺ ഫോറത്തിലും പങ്കുവെയ്ക്കാം. പ്രധാനമന്ത്രിയുടെ ഹിന്ദി പ്രഭാഷണത്തിന് ശേഷം പ്രാദേശിക ഭാഷകളിൽ പ്രസംഗത്തിന്റെ പരിഭാഷ, പ്രക്ഷേപണം ചെയ്യും. രാത്രി എട്ടിന് ഇതിന്റെ പുനഃപ്രക്ഷേപണവും ഉണ്ടായിരിക്കും.

✪✪✪

സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു. ഇന്ന് ഒൻപത് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ഒഴികെ ജില്ലകളിലാണ് ജാഗ്രതാ മുന്നറിയിപ്പ്.

കേരള- കർണാടക തീരങ്ങളിൽ 50 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും, മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

✪✪✪

നെഹ്റു ട്രോഫി ജലോത്സവം നാളെ ആലപ്പുഴ പുന്നമടക്കായലിൽ. വള്ളംകളിയ്ക്ക് ഒരുക്കങ്ങൾ പൂർത്തിയായി. ആലപ്പുഴയിൽ നാളെ പ്രാദേശിക അവധിയാണ്.

✪✪✪

ബിഹാറിലെ രാജ്ഗിറിൽ ഏഷ്യൻ കപ്പ് ഹോക്കി പുരുഷ ചാമ്പ്യൻഷിപ്പിലെ ഉദ്ഘാടന മത്സരത്തിൽ മലേഷ്യ ബംഗ്ലാദേശിനെ ഒന്നിനെതിരെ നാല് ഗോളിന് തോൽപ്പിച്ചു. ഇന്ത്യ ഇന്ന് ആദ്യ മത്സരത്തിൽ ചൈനയെ നേരിടും.

ഇന്ത്യ, ജപ്പാൻ, ചൈന, കസാക്കിസ്ഥാൻ, മലേഷ്യ, കൊറിയ, ബംഗ്ലാദേശ്, ചൈനീസ് തായ്പേയ് തുടങ്ങി എട്ട് മുൻനിര ഏഷ്യൻ രാജ്യങ്ങൾ ടൂർണമെന്റിൽ പങ്കെടുക്കും.

✪✪✪

ആലപ്പുഴ പുന്നമടയിൽ നഗരസഭ നിർമ്മിച്ച ആധുനിക നടപ്പാലം നാളെ നാടിന് സമർപ്പിക്കുമെന്ന് മന്ത്രി M.B രാജേഷ് അറിയിച്ചു. മൂന്നര കോടി രൂപ ചെലവഴിച്ചാണ് പാലം നിർമ്മിച്ചത്. പുന്നമട ദ്വീപിലെ 6,000 - ത്തോളം പേർക്ക് ആലപ്പുഴയിൽ എത്താൻ ആശ്രയമായി പാലം മാറുമെന്നും വിനോദ സഞ്ചാര മേഖലയ്ക്ക് മുതൽക്കൂട്ടാകുമെന്നും മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.

✪✪✪

കൊച്ചി ചിലവന്നൂർ കനാലിലെ ഡ്രഡ്ജിംഗ് പ്രവൃത്തികൾക്ക് തുടക്കം കുറിച്ചതായി മന്ത്രി P രാജീവ് അറിയിച്ചു. 3,716 കോടി രൂപയുടെ ആറു കനാൽ പുന:രുജ്ജീവന പദ്ധതിയിൽ പെടുത്തിയാണ് ചിലവന്നൂരിലെയും പ്രവൃത്തി ആരംഭിച്ചത്. ആറ് കനാലുകളുടേയും പദ്ധതി പൂർത്തിയാകുന്നതോടെ വിദേശ രാജ്യങ്ങളുടേത് പോലെ ജല ഗതാഗത സൗകര്യം സംസ്ഥാനത്തുണ്ടാകുമെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.

✪✪✪

കണ്ണൂർ മട്ടന്നൂരിനടുത്ത് കോളാരി കുംഭം മൂലയിൽ ഇന്നലെ രാത്രിയിൽ അഞ്ചു വയസ്സുകാരൻ ഷോക്കേറ്റ് മരിച്ചു. അൽ മുബാറക്ക് ഹൗസിൽ മുഹിയുദ്ദീൻ ആണ് മരിച്ചത്. വീട്ടുവരാന്തയിലെ ഗ്രിൽസിൽ പിടിപ്പിച്ചിരുന്ന മിനിയേച്ചർ ലൈറ്റിൽ നിന്നാണ് ഷോക്കേറ്റതെന്ന് പൊലീസ് പറഞ്ഞു.

✪✪✪

വയനാട്ടിലെ വിദ്യാഭ്യാസ സാമൂഹിക പ്രവർത്തകൻ KN കൃഷ്ണവാര്യർ എന്ന KNK മാസ്റ്റർ കോഴിക്കോട്ട് അന്തരിച്ചു - 90 വയസ്സായിരുന്നു. സംസ്കാരം രാവിലെ പനമരം അഞ്ചുകുന്നിൽ നടത്തി.

✪✪✪

കണ്ണൂർ ഉളിക്കലിൽ, കരകവിഞ്ഞ് ഒഴുകുകയായിരുന്ന വയത്തൂർ പുഴയിലേയ്ക്ക് വീണ് ചരക്ക് ഓട്ടോ ഒഴുകിപ്പോയി. വയത്തൂർ പാലത്തിൽ പുലർച്ചെയിരുന്നു അപകടം. വാഹനത്തിൽ ഉണ്ടായിരുന്ന മൂന്നു പേരും നീന്തി രക്ഷപ്പെട്ടു. പുഴ നിറഞ്ഞൊഴുകുകയാണ്.

✪✪✪

കരുനാഗപ്പള്ളി റെയിൽവെ സ്റ്റേഷന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും നവീകരണത്തിനുമായി റെയിൽവെ മന്ത്രാലയം ആറു കോടി രൂപ അനുവദിച്ചതായി K.C.വേണുഗോപാൽ MP അറിയിച്ചു. രണ്ടര മാസത്തിനകം ടെൻഡർ നടപടികളിലേക്ക് കടക്കും.

✪✪✪

കോഴിക്കോട് NIT യിലെ 21-ാമത് ബിരുദദാന ചടങ്ങ് നാളെ വൈകിട്ട് NIT രവീന്ദ്രനാഥ ടാഗോർ തിയേറ്ററിൽ നടത്തും. കേന്ദ്ര വിദ്യാഭ്യാസ സഹമന്ത്രി സുകാന്ത മജുംദാർ മുഖ്യാതിഥിയായി പങ്കെടുക്കും. L & T ഡയറക്ടർ T മാധവദാസ്, പ്രൊഫ. പ്രസാദ് കൃഷ്ണ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും.

✪✪✪

സ്വർണ്ണവില ഇന്നും വർധിച്ചു. പവന് 520 രൂപ കൂടി 75,760 രൂപയിലെത്തി. 9,470 രൂപയാണ് ഗ്രാമിന്റെ വില.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: അനുഷ ആത്മപ്രകാശ്*
*DEO : സി കെ സുബോധ്*